LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ 2011-ൽ എത്ര ലക്ഷം മെട്രിക് ടൺ മത്സ്യം കിട്ടിയിരുന്നു; ആയത് 2021-ൽ എത്ര; വ്യക്തമാക്കുമോ?

2010-11 സാമ്പത്തിക വർഷം ആകെ 6.82 ലക്ഷം മെട്രിക് ടൺ മത്സ്യം ലഭിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം ആകെ 6.15 ലക്ഷം മെട്രിക് ടൺ മത്സ്യമാണ് ലഭിച്ചത്.

(സി) നിലവിൽ ദിനംപ്രതി ആവശ്യമുള്ള മത്സ്യത്തിന്റെ അളവെത്ര; ദിനംപ്രതി നിലവിലെ മത്സ്യലഭ്യതയുടെ അളവെത്ര?

സംസ്ഥാനത്ത് നിലവിൽ ദിനംപ്രതി ഏകദേശം 2054 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായിവരുന്നത്. ദിനംപ്രതി കേരളത്തിലെ മത്സ്യ ലഭ്യത നിലവിൽ 2050 മെട്രിക് ടൺ ആണ്.

(ഡി) ഇതര സംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി കേരളത്തിലെത്തുന്ന മത്സ്യത്തിന്റെ അളവെത്ര?

ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കെത്തുന്ന മത്സ്യത്തിന്റെ ഏകദേശ അളവ് ഒരു വർഷം 2.18 ലക്ഷം മെട്രിക് ടൺ ആണ്.

(ഇ) പ്രസ്തുത ഇടിവ് പരിഹരിക്കുവാനും സംസ്ഥാനം മത്സ്യ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും പ്രാപ്തമാകുന്നതിന് ഈ സർക്കാർ നൂതനമായ എന്തൊക്കെ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

മത്സ്യോൽപാദനത്തിലെ കുറവ് പരിഹരിക്കുന്നതിനും സംസ്ഥാനം മത്സ്യലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു*.

എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

234 (3940) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്തെ കടലിൽനിന്നും അന്യസംസ്ഥാന ബോട്ടുകൾ അതിശക്തമായ എൽ.ഇ.ഡി. ലൈറ്റുകളുപയോഗിച്ച് വൻതോതിൽ മത്സ്യബന്ധനം നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിശക്തമായ വെളിച്ചമുപയോഗിച്ച് ചെറുമീനുകളെയുൾപ്പെടെ ആകർഷിച്ച് കൂട്ടത്തോടെ പിടിക്കുന്ന രീതിയാണ് ഇവർ പിൻതുടരുന്നതെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഇപ്രകാരം മത്സ്യബന്ധനം നടത്തുമ്പോൾ വലകളിൽ കുടുങ്ങാത്ത മത്സ്യങ്ങൾ ആഴങ്ങളിലേയ്ക്കുപോയി മറ്റ് വൻമത്സ്യങ്ങൾക്ക് ഇരയാകുമെന്ന വിദഗ്ധാഭിപ്രായം സർക്കാർ പരിശോധിക്കുമോ?

ഉണ്ട്. ഇത് തടയുന്നതിനായി 12 വാട്സിന് മുകളിലുള്ള പ്രകാശമുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും പട്രോളിംഗ് കർശനമാക്കുകയും നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യാനം പിടിച്ചെടുത്ത് പിഴ ഈടാക്കുന്നുമുണ്ട്. കൂടാതെ, മത്സ്യഗ്രാമങ്ങൾ വഴി നടത്തുന്ന ബോധവത്കരണ പരിപാടികളിലൂടെ ഇത്തരം മത്സ്യബന്ധനത്തിനെതിരെ മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നിരോധനം കേരളത്തിലെ യാനങ്ങൾക്കും അന്യസംസ്ഥാന യാനങ്ങൾക്കും ബാധകമാണ്. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്തിനപ്പുറം ലൈറ്റുപയോഗിച്ചുള്ള മത്സ്യബന്ധനം കേന്ദ്രസർക്കാർ നിരോധിച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നത് മറ്റുസംസ്ഥാനങ്ങളിൽ നിരോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മറ്റ് സംസ്ഥാനങ്ങളുടെ അധീനതയിലുള്ള തീരക്കടൽ പ്രദേശത്ത് (ടെറിട്ടോറിയൽ സീ) ഇത്തരം വിലക്ക് സംബന്ധിച്ച വിവരം ലഭ്യമല്ല. എന്നാൽ കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള മത്സ്യബന്ധന വകുപ്പ് സംസ്ഥാനങ്ങളുടെ തീരക്കടൽ പരിധി (ടെറിട്ടോറിയൽ സീ) കഴിഞ്ഞുള്ള സമുദ്രഭാഗത്ത് (EEZ) ലൈറ്റുപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

കാസർഗോഡ് അഴിമുഖത്തുണ്ടായ തോണി അപകടം

235 (3941) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈ 4-ന് കാസർഗോഡ് അഴിമുഖത്തുണ്ടായ തോണി അപകടത്തിൽ മരിച്ച എല്ലാവരുടേയും കുടുംബങ്ങൾക്ക് ഏത് പദ്ധതി പ്രകാരമാണ്

LIBRARY ARCHIVES Kerala Legislative Assembly